**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5862** | **16-03-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം ആരംഭിച്ചത് ഏത് വർഷമാണ്; വ്യക്തമാക്കുമോ; | (എ) | **2005 മുതലാണ് സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം ആരംഭിച്ചിട്ടുള്ളത്.** |
| (ബി) | കുട്ടനാട്ടിലെ രണ്ടാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി എത്ര മെട്രിക് ടൺ നെല്ലാണ് സപ്ലൈകോ ഇതുവരെ സംഭരിച്ചതെന്നും കിലോയ്ക്ക് എത്ര രൂപയ്ക്കാണ് നെല്ല് സംഭരണം നടത്തുന്നതെന്നും വിശദമാക്കുമോ; | (ബി) | രണ്ടാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ (ആലപ്പുഴ ജില്ല) 2022-23 സീസണിൽ 10491.977 മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. കിലോയ്ക്ക് 28.20 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചത്. |
| (സി) | കുട്ടനാട്ടിലെ നെല്ല് സംഭരണം ആരംഭിക്കുവാൻ വൈകിയെന്ന കർഷകരുടെ ആക്ഷേപവും മാധ്യമ വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ; | (സി) | **2022-23 ഒന്നാംവിള സീസണിന്റെ ആരംഭത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മില്ലുടമകൾ നെല്ല് സംഭരണത്തിൽ നിന്ന് വിട്ടു നിന്നിരുന്നു. എന്നാൽ അടിയന്തരമായി സമരം ഒത്തുതീർപ്പാക്കുകയും സപ്ലൈകോയുമായി 62 മില്ലുകൾ കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ഒന്നും രണ്ടും വിളസമയത്ത് 55942.179 മെട്രിക് ടൺ നെല്ല് കുട്ടനാട്ടിൽ (ആലപ്പുഴ ജില്ല) നിന്നും ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ഡി) | നെല്ല സംഭരണത്തിനായി രജിസ്റ്റർ ചെയ്ത കർഷകർക്ക് ലഭിച്ച ചെക്കുകൾ കേരള ബാങ്കിന്റെ അമ്പലപ്പുഴ ശാഖയിൽ മാറി നൽകിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സീസൺ മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെന്റ് മാർഗ്ഗത്തിൽ നേരിട്ട് തുക നൽകുന്ന രീതിയാണ് തുടർന്ന് വന്നിരുന്നത്. 02.02.2023 വരെ നെല്ലിന്റെ തുക കർഷകർക്ക് നൽകുന്നതിന് പേയ്മെന്റ് ഓർഡർ തയ്യാറാക്കി കേരള ബാങ്കിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ